പദ്ധതികൾ ആവിഷ്ക്കരിച്ച് നടപ്പിലാക്കിവരുന്നു. മുട്ടക്കോഴിക്കുഞ്ഞുങ്ങളുടെ ലഭ്യതക്കുറവ് പരിഹരിക്കാനായി കൊട്ടിയം ലെയർ ബ്രീഡിംഗ് ഫാമിൽ പാരന്റ് സ്റ്റോക്കിന്റെ എണ്ണം 5600 ആക്കി വർദ്ധിപ്പിച്ചു. വർഷങ്ങളായി തരിശ്ശായിക്കിടന്ന തൃശ്ശൂരിലെ മാളയിലുള്ള 5 ഏക്കർ സ്ഥലത്ത് പുതുതായി ഒരു ഹൈടെക് കോഴിവളർത്തൽ കേന്ദ്രം തുടങ്ങി. പ്രതിവർഷം 6 ലക്ഷം കോഴിക്കുഞ്ഞുങ്ങളെ ഉല്പാദിപ്പിച്ച് വിതരണം ചെയ്യാൻ കഴിയുന്നതാണ്. തൃശ്ശൂർ ജില്ലയിലെ മാളയിലും കൊല്ലം ജില്ലയിലെ കൊട്ടിയത്തും പുതുതായി ഹാച്ചറികൾ സ്ഥാപിച്ചു. കേരളത്തിലെ 16 ബ്ലോക്കുകളിൽപ്പെട്ട 416667 ബി.പി.എൽ. കുടുംബങ്ങൾക്ക് രണ്ട് കോഴിക്കുഞ്ഞുങ്ങളെ വീതം (ആകെ 833334 കോഴിക്കുഞ്ഞുങ്ങളെ) മൃഗസംരക്ഷണ വകുപ്പ് വിതരണം നടത്തിക്കൊണ്ടിരിക്കുന്നു. ഈ വർഷം 176000 ബി.പി.എൽ. കുടുംബങ്ങൾക്കുകൂടി 352000 കോഴിക്കുഞ്ഞുങ്ങളെ വിതരണം നടത്താൻ പദ്ധതിയുണ്ട്.

(ബി) 2006-07 മുതൽ 2009-10 വരെ 43.74 കോടി മുട്ടയുടെ അധിക ഉല്പാദനം നടന്നിട്ടുണ്ട്.

(സി) അനുബന്ധമായി ചേർത്തിരിക്കുന്നു.*

(ഡി) ഫണ്ടിന്റെ ലഭ്യത അനുസരിച്ച് പദ്ധതി നടപ്പാക്കാനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

മൃഗസംരക്ഷണ വകുപ്പിലെ ക്ലാസ്-4 ജീവനക്കാരുടെ പ്രൊമോഷൻ

143 (157) ശ്രീ. പി. സി. വിഷ്ണുനാഥ് : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും മൃഗസംരക്ഷണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മൃഗസംരക്ഷണ വകുപ്പിൽ ദീർഘകാലമായി റേഷ്യോ പ്രൊമോഷൻ നൽകുന്നില്ല എന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ?

(ബി) 18-11-2008-ലെ ഫിനാൻസ് സർക്കുലർ നമ്പർ 79/08 ആനുസരിച്ച് പ്രസ്തുത ആനുകൂല്യം അടിയന്തരമായി നൽകണമെന്ന് ഉത്തരവായിട്ടുണ്ടോ ; പ്രസ്തുത സർക്കുലറിന്റെ പകർപ്പ് ലഭ്യമാക്കുമോ ;

(സി) 14-11-1995-ലെ സർക്കാർ ഉത്തരവ് (പി)817/95(58)ഫിൻ. പ്രകാരം 1:2 എന്ന അനുപാതത്തിൽ 1-3-1992 മുതൽ പ്രബല്യത്തിൽ വരത്തക്കവണ്ണം ഗ്രേഡ് പ്രൊമോഷൻ നൽകിയിട്ടും പ്രസ്തുത ആനുകൂല്യം ക്ലാസ്-4 വിഭാഗത്തിനുകൂടി ബാധകമാക്കിയിട്ടും ടി ആനുകൂല്യം പ്രസ്തുത ജീവനക്കാർക്ക് നിഷേധിക്കുന്നതെന്തുകൊണ്ടെന്ന് വിശദമാക്കുമോ ;

(ഡി) ചെങ്ങന്നൂർ ഹാച്ചറിയിൽ ജോലിചെയ്യുന്ന ക്ലാസ്-4 വിഭാഗം ജീവനക്കാരായ ശ്രീമതി സാറാമ്മ, ശ്രീമതി വി. കെ. ശ്രീകുമാരി, ശ്രീ. കെ. നജീം കുഞ്ഞ് എന്നിവർക്ക് 5 വർഷത്തിലേറെ സർവ്വീസുണ്ടായിരുന്നിട്ടും 1:2 പ്രകാരം ഗ്രേഡ് പ്രൊമോഷൻ അനുവദിക്കാത്തതെന്തുകൊണ്ടെന്ന് വിശദമാക്കുമോ ;

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ഇ) പ്രസ്തുത ജീവനക്കാർക്ക് ഗ്രേഡ് പ്രൊമോഷൻ ലഭിക്കുന്നതിന് അർഹതയുണ്ടോ ; ഇല്ലെങ്കിൽ കാരണം വിശദമാക്കുമോ ;

(എഫ്) 18-11-2008-ലെ 79/08/ഫിൻ. സർക്കുലർ പ്രകാരം എത്രപേർക്ക് റേഷ്യോ പ്രൊമോഷൻ ലഭിച്ചുവെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) ഇല്ല.

(ബി) ഉത്തരവായിട്ടുണ്ട്. സർക്കുലറിന്റെ പകർപ്പ് അനുബന്ധമായി ചേർത്തിരിക്കുന്നു.*

(സി) 14-11-1995-ലെ സർക്കാർ ഉത്തരവ് (പി)നമ്പർ817/95(58) ഫിൻ. പ്രകാരം 1:2 എന്ന അനുപാതത്തിൽ ക്ലാസ്-4 ജീവനക്കാർക്ക് നൽകിയ ഗ്രേഡ് പ്രൊമോഷന്റെ ആനുകൂല്യം നിഷേധിച്ചിട്ടില്ല.

(ഡി) ക്ലാസ്-4 വിഭാഗത്തിലെ അറ്റന്റന്റ്മാരുടെ സീനിയോറിറ്റി ലിസ്റ്റ് തയ്യാറാക്കി റേഷ്യോ പ്രൊമോഷൻ നൽകിവരുന്നത് അതാത് ജില്ലാ മൃഗസംരക്ഷണ ആഫീസർമാരാണ്. ചെങ്ങന്നൂർ സെൻട്രൽ ഹാച്ചറിയിലെ അറ്റന്റന്റുമാരുടെ സീനിയോറിറ്റി ലിസ്റ്റ് തയ്യാറാക്കി റേഷ്യോ പ്രൊമോഷൻ നൽകുന്നതിനുള്ള നടപടികൾ ആലപ്പുഴ ജില്ല മൃഗസംരക്ഷണ ആഫീസർ സ്വീകരിച്ചുവരുന്നുണ്ട്.

(ഇ) പ്രസ്തുത ജീവനക്കാർക്ക് 1-1-2001 നിലവച്ച് റേഷ്യോ പ്രൊമോഷന് അർഹതയുണ്ട്.

(എഫ്) മൃഗസംരക്ഷണ വകുപ്പിലെ പ്യൂൺ/നൈറ്റ് വാച്ചർ എന്നീ വിഭാഗത്തിൽപ്പെട്ടവരുടെ 1-1-2007 നിലവച്ചുള്ള സീനിയോറിറ്റി ലിസ്റ്റ് തയ്യാറാക്കി 134 പേർക്ക് റേഷ്യോ പ്രൊമോഷൻ നൽകിയിട്ടുണ്ട്.

മാരിടൈം ബോർഡ് രൂപീകരണം

144 (158) ശ്രീ. കെ. ബി. ഗണേഷ് കുമാർ :
ശ്രീ. കെ. കെ. ഷാജു : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് തുറമുഖവും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ തുറമുഖ വികസന പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനായി ഒരു മാരിടൈം ബോർഡ് രൂപീകരിക്കുന്നതിനായി എന്തൊക്കെ നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ ;

(ബി) ഇതിനായി ഏതൊക്കെ ഏജൻസികളുടെ സഹകരണം തേടുമെന്ന് വ്യക്തമാക്കുമോ ;

(സി) സംസ്ഥാനത്തെ തുറമുഖ വികസനത്തിനായി നിക്ഷേപകരെ ആകർഷിക്കുന്നതിന് ഒരു തുറമുഖ വ്യവസായ സംഗമം നടത്തുന്നതിന് നടപടികൾ സ്വീകരിക്കുമോ ?

---

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly